## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4440 26-06-2014 -ൽ മറുപടിക്ക്

## കരുനാഗപ്പള്ളി മണ്ഡലത്തിൽ വേനൽമഴയിലുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.ദിവാകരൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | വേനൽമഴയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായി എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്; | എ) | വേനൽമഴയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 400 വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര വീടുകളാണ് ഭാഗികമായി തകർന്നത്; | ബി) | ഇതിൽ 396 വീടുകളാണ് ഭാഗികമായി തകർന്നിട്ടുള്ളത്. |
| സി) | എത്ര തുക വീതമാണ് നഷ്ടപരിഹാരം തീരുമാനിച്ചിട്ടുള്ളത്; | സി) | പൂർണ്ണമായി തകർന്ന വീടുകൾക്ക് 2 ലക്ഷം രൂപ വരെയും ഭാഗികമായി തകർന്ന വീടുകൾക്ക് 50,000/- രൂപവരെയും നാശനഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തി നിലവിലുള്ള മാനദണ്ഡപ്രകാരം ധനസഹായം അനുവദിക്കുന്നതാണ്. |
| ഡി) | എത്ര വീടുകൾക്കാണ് നഷ്ടപരിഹാരം വിതരണം ചെയ്തത്; | ഡി) | വേനൽമഴക്കെടുതിമൂലം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് ഫണ്ട് സർക്കാർ അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | നഷ്ടപരിഹാരം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | |
| എഫ്) | എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്നറിയിക്കുമോ? | എഫ്) | |

സെക്ഷൻ ഓഫീസർ